(സി) 1. കൽപ്പറ്റ (കൈനാട്ടി) ജനറൽ ആശുപത്രി എച്ച്.റ്റി. ലൈൻ കണക്ഷൻ - 45 ലക്ഷം രൂപ.

2. വൈത്തിരി താലൂക്ക് ആശുപത്രി മെറ്റേണിറ്റി യൂണിറ്റ് നിർമ്മാണം - 154 ലക്ഷം രൂപ, സാമ്പത്തിക പരിമിതിമൂലം നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ല.

മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാലത്തെ ഡോക്ടർമാരുടെ സേവനം

67(765) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായ മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാലത്ത് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ പശ്ചാത്തല വികസനത്തിന് ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ കാഷ്വാൽറ്റി സംവിധാനമില്ല. 24 മണിക്കൂർ സേവനത്തിന് കാഷ്വാൽറ്റി സംവിധാനം താലൂക്ക് ആശുപത്രി തലം മുതൽ മുകളിലേക്കാണുള്ളത്. മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽനിന്നും 17,85,301 രൂപ (പതിനേഴ് ലക്ഷത്തി എൺപത്തി അയ്യായിരത്തി മൂന്നൂറ്റി ഒന്ന് രൂപ മാത്രം) നാളിതുവരെ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗിച്ചിട്ടുണ്ട്.

1. ഐ.പി. ബിൽഡിംഗിന്റെ മുകളിൽ പരിക്കനിട്ട് ടൈൽ വർക്ക് നടത്തി.

2. ഐ.പി. ബിൽഡിംഗിൽ പുതിയ ടൈൽ വിരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

3. പുതിയ ടോയ്‌ലറ്റുകൾ നിർമ്മിച്ചു.

4. അമിനിറ്റി സെന്റർ അമ്മമാർക്കും കുഞ്ഞുങ്ങൾക്കുംവേണ്ടി നിർമ്മിച്ചു.

5. അത്യാവശ്യ ഇലക്ട്രിക്കൽ വിലയറിംഗ് നടത്തി.

കൊതുകുശല്യം

68(766) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള എളങ്കുന്നപ്പുഴ, പുളുവെയ്പ് എന്നീ പ്രദേശങ്ങളിലെ അതിരൂക്ഷമായ കൊതുകുശല്യം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൊതുക നിവാരണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ;

(സി) കൊതുക നിവാരണ പ്രവൃത്തികൾ ഫലപ്രദമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) മാറിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള എളങ്കുന്നപ്പുഴ, പുളുവെയ്പ്പ് എന്നീ സ്ഥലങ്ങളിൽ കൊതുകുശല്യം നിയന്ത്രിക്കുന്നതിന് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വർഷങ്ങളായി തുക നീക്കിവയ്ക്കുകയും ചെലവഴിച്ചിട്ടുള്ളതുമാണ്. തൊഴിലാളികളെ ഉപയോഗിച്ച് എല്ലാ ആഴ്ചകളിലും ഓടകളിൽ സ്പ്രേയിംഗ് നടത്തിവരുന്നു. കൊതുകുശല്യം രൂക്ഷമായ സമയത്ത് പഞ്ചായത്തിന്റെ തന്നെ ഫണ്ട് ഉപയോഗപ്പെടുത്തി മൾട്ടി പർപ്പസ് ഫോഗിംഗ് മെഷീൻ ഉപയോഗിച്ച് ഫോഗിംഗ് നടത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ ആശാവർക്കർമാർ ഉൾപ്പെടുന്ന ഹെൽത്ത് പ്രൊമോഷൻ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തി ഉറവിട നശീകരണവും നടത്തിവരുന്നു. ഇതിനായുള്ള തുക WHSC ഫണ്ടിൽനിന്നും ശുചിത്വ മിഷൻ ഫണ്ടിൽനിന്നും ഉപയോഗിക്കുന്നു. പുളുവെയ്പ്പ്, തെക്കൻ മാറിപ്പുറം, മുരിക്കിൻപാടം എന്നീ പ്രദേശങ്ങളിൽ കൊതുകിന്റെ ശല്യം ഒഴിവാക്കുന്നതിന് ഓട വൃത്തിയാക്കൽ എന്നിവയും പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളതാണ്. കൂടാതെ, കൊതുകുശല്യത്തിന്റെ രൂക്ഷത കുറയ്ക്കുന്നതിന് മലമ്പനി ബാധിത മേഖലകളിൽ ഇൻഡോർ റസിഡ്യൂൽ സ്പ്രേയിംഗ് നടത്തിവരുന്നു. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 23 വാർഡ് വർക്കേഴ്സാണ് സ്പ്രേയിംഗ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly